# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.354 | 23/08/2017-ൽ മറുപടിക്ക്

### ഷോക്കേറ്റ് മരണമടയുന്ന ജീവനക്കാർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ**<br>**,, പി.ഉബൈദുള്ള**<br>**,, അബ്ദുൽ ഹമീദ് പി.**<br>**,, എൻ. ഷംസുദ്ദീൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി വിതരണ ലൈനുകളിൽ നിന്നും അനുബന്ധ ഉപകരണങ്ങളിൽ നിന്നും ഷോക്കേറ്റ് മരിക്കുന്ന ജീവനക്കാരിൽ ഏറെയും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വൈദ്യുതി വിതരണ ലൈനുകളിൽ പണിയെടുക്കുമ്പോഴും അനുബന്ധ ഉപകരണങ്ങൾ അറ്റകുറ്റ പണികൾക്കിടയിൽ ഉപയോഗിക്കുമ്പോഴും സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അപകട മരണങ്ങൾ പരിശോധിച്ചതിൽ മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അപകടമരണം സംഭവിച്ചിട്ടുള്ള കരാർ തൊഴിലാളികളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുള്ളതായും ചില വർഷങ്ങളിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് ജീവനക്കാരെക്കാൾ അധികം കരാർ തൊഴിലാളികൾ മരണപ്പെട്ടിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ വൈദ്യുതാഘാതമേറ്റ് കഴിഞ്ഞ 3 വർഷ കാലയളവിൽ മരണപ്പെട്ട ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു. |

| വർഷം | ബോർഡ് ജീവനക്കാർ | കരാർ തൊഴിലാളികൾ |
|---|---|---|
| 2014 | 13 | 14 |

(...2)

| | | | | | |
|---|---|---|---|---|---|
| | | | 2015 | 10 | 14 |
| | | | 2016 | 09 | 11 |
| | | | 2017 | 05 | 04 |
| ബി) | ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാരുടെയും കരാർ ജീവനക്കാരുടെയും കുടുംബങ്ങൾക്ക് ലഭിക്കുന്ന സഹായ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) | **മാരകമായ അപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും അനുവദിക്കുന്ന <u>നഷ്ടപരിഹാരം / ആശ്വാസ ധനസഹായം.</u>**<br><br>**<u>I. ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം.</u>**<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് ***1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം*** അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നല്കിവരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.<br><br>**<u>മരണാനന്തര നഷ്ടപരിഹാരം</u>**<br><br>• പ്രായത്തിനും മാസ വേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480/-രൂപ മുതൽ 9,14,160/- രൂപ വരെ)<br>• ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷുറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാൻ അർഹതയുണ്ട്. |

| | | | |
|---|---|---|---|
| | | | • വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 05 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.<br>• അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.<br>• ശവസംസ്കാര ചെലവിനായി 7,500/- രൂപയ്ക്ക് അർഹതയുണ്ട്.<br>• കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസ ധനസഹായവും (3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നല്കുന്നു. ഇതിനുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നല്കുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്. |

| | | | |
|---|---|---|---|
| | | | **കരാർ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം.**<br>മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.<br>**മരണാനന്തര നഷ്ടപരിഹാരം.**<br>• മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.<br>• ശവസംസ്കാര ചെലവിനായി 5,000/- രൂപയ്ക്ക് അർഹതയുണ്ട്.<br>മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണ |

(...5)

| | | | |
|---|---|---|---|
| | | | ക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചു വരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മിഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിയ്ക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. |
| (സി) | അപകട നിരക്ക് പരിമിതമാക്കാൻ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കുമോ? | (സി) | അപകടനിരക്ക് കുറയ്ക്കുന്നതിനായി ബോർഡ് ക്രിയാത്മകമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികളിൽ ഏർപ്പെടുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പു വരുത്തുന്നതിനു വേണ്ടി "Permit to work" (PTW) സംവിധാനം വിതരണ മേഖലയിൽക്കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തന്റേയും മറ്റു ഓഫീസിന്റേയും കീഴിലുള്ള ജോലിസ്ഥലങ്ങളിൽ മിന്നൽപരിശോധനകൾ നടത്തി സുരക്ഷാ സംവിധാനത്തെക്കുറിച്ചുള്ള റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിഭാഗത്തിലെ |

| | | | |
|---|---|---|---|
| | | | കരാർ തൊഴിലാളികൾക്കും അവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ